ഭരണഭാഷ-മാതൃഭാഷ

നമ്പർ.400766/SJJS04/GPO/2023/8793/(1)

അമ്പലപ്പാറ ഗ്രാമ പഞ്ചായത്ത് ആഫീസ്

അമ്പലപ്പാറ I

അമ്പലപ്പാറ.പി.ഓ

പാലക്കാട്

Phone No:04662240240

E-mail:gp821ambpkd@gmail.com

തീയതി : 13/12/2023

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ബഹുമാനപ്പെട്ട ഇന്റേർണൽ വിജിലൻസ് ഓഫീസർ
ജോയൻറ് ഡയറക്ടറുടെ കാര്യാലയം

സർ,

വിഷയം:- അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് - ശ്രീമതി .ലിസ.എ ശ്രീമതി ഫെമിൻ.ജെ എന്നവർ നൽകിയ പരാതിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന:-

1. അങ്ങയുടെ ഓഫീസിലെ LSGD/JD/PKD/6384/2023-12 നമ്പർ കത്ത്.
2. 10/10/2023 തിയതിയിലെ 8(3) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം .
3. ഇൻജക്ഷൻ ഓർഡർ.
4. ശ്രീമതി ഷബ്ന എന്നവർ ശ്രീ .ജഗ്ഫറിൻറെ ഭാര്യയാണെന്ന് കാണിക്കുന്ന മസ്ജിദിൽ നിന്നുള്ള വിവാഹ സർട്ടിഫിക്കറ്റ്,ടിയാരിയുടെ മക്കളുടെ ജനന രേഖകൾ.
5. CIRCULAR NO.R.C 3/228/202/LSGD LOCAL SELF GOVERNMENT (RC)DEPARTMENT THIRUVANANTHAPURAM DATE 09/07/2021.

അങ്ങയുടെ ഓഫീസിൽ ശ്രീമതി ലിസ.എ,ഫെമിൻ ജെ, അൽ ഫജാർ എന്നവർ സൂചന 1 പ്രകാരം സമർപ്പിച്ച പരാതി പരിശോധിച്ച് ആയത് പ്രകാരം വിശദമായ റിപ്പോർട്ട് താഴെ പറയും പ്രകാരം സമർപ്പിയ്ക്കുന്നു

Signature Not Verified
Digitally signed by BINDU S
Date: 2023.12.13 17:13:40 IST
Reason: ILGMS Govt. of kerala

ജഗ്ഫർ,ടിയാളുടെ പിതാവ് സൈനുദ്ദീൻ എന്നിവരുടെ ഉടമസ്ഥതയിൽ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിൽ 3/339,3/340,3/341,3/341 A,3/342,3/343 B,3/343 C,3/343 D,3/343 E,3/343 F,3/343 G,3/343 H,3/343 I,3/343 J,3/343 K,3/343 L, നമ്പർ കെട്ടിടങ്ങളും മരണപ്പെട്ട ജഗ്ഫറിൻറെ പേരിൽ മാത്രമായി 3/713 നമ്പർ കെട്ടിടവും നിലവിലുണ്ട്.ടി കെട്ടിടങ്ങളിൽ പൊന്നറ ജ്വല്ലറി,എം.എസ് സലൂൺ എന്ന ഹെയർ ഡ്രസിംങ്ങ് സ്ഥാപനം, ഡെൻഡൽ കെയർ, സഫൈർ ഹോസ്പിറ്റൽ എന്നീ സ്ഥാപനങ്ങൾ പ്രവൃത്തിച്ച്

വരുന്നു.ജഗ്ഫർ എന്നവർ ജീവിച്ചിരുന്ന സമയത്ത് ഒപ്പിട്ട് നൽകിയ എഗ്രിമെൻറിൻറെ അടിസ്ഥാനത്തിലാണ് ലൈസൻസ് നൽകിയിട്ടുള്ളത് ലൈസൻസ് യഥാ സമയം പുതുക്കുകയാണെങ്കിൽ വാടക കരാർ വീണ്ടും ഹാജരാക്കേണ്ടതില്ല എന്ന് സൂചന 5 സർക്കുലറിൽ പ്രതിപാദിച്ചിട്ടുണ്ട്.പരാതിയിൽ പരാമർശിച്ചിരിക്കുന്ന ഇൻജക്ഷൻ ഓർഡറിൽ ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം പരാമർശിച്ചിട്ടില്ല.നിലവിലെ സ്ഥിതി തുടരണമെന്നാണ് പരാമർശിച്ചിരിക്കുന്നത് എന്ന് നിയമോപദേശം ലഭിച്ചിട്ടുണ്ട്.മരണപ്പെട്ട ജഗ്ഫറിന് അമ്പലപ്പാറയിൽ ശ്രീമതി .ഷബ്ന എന്ന ഭാര്യയും അതിൽ രണ്ടു മക്കളുമുണ്ടെന്ന് സൂചന 4 പ്രകാരം ഈ കാര്യാലയത്തിൽ ലഭിച്ച രേഖകളിൽ നിന്നും മനസ്സിലായിട്ടുണ്ട് . അമ്പലപ്പാറ ഗ്രാമപഞ്ചായത്തിലുള്ള ജഗ്ഫർ & സൈനുദീൻ എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ നിയമപരമായ അവകാശികൾ പരാതിക്കാരാണെന്ന് തെളിയിക്കുന്ന നിയമാനുസൃത രേഖകളൊന്നും പരാതിക്കാർ നാളിതുവരെ ഹാജരാക്കിയിട്ടില്ല. ശ്രീ ജഗ്ഫർ ജീവിച്ചിരുന്ന കാലത്ത് ലൈസൻസ് നൽകിയിരുന്ന സ്ഥാപനങ്ങൾക്ക് തന്നെയാണ് നിലവിലും പുതുക്കി നൽകി വരുന്നത്.മരണപ്പെട്ട ജഗ്ഫറിൻറെ പാസ്പോർട്ട് രേഖകളിൽ സ്പൌസ് ആയി ശ്രീമതി ഷബ്ന എന്നവരെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.കൂടാതെ ജഗ്ഫർ ,ശ്രീമതി ഷബ്ന എന്നിവർ വിവാഹിതരായിരുന്നുവെന്ന് തെളിയിക്കുന്ന പള്ളിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ,ടിയാരിയുടെ മക്കളുടെ ജനന സർട്ടിഫിക്കറ്റുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ജഗ്ഫറും ശ്രീമതി ഷബ്നയും പങ്കാളികളായിരുന്നെന്ന് മനസിലാക്കാൻ കഴിഞ്ഞു.

കടയിൽ നിന്ന് ലഭിക്കുന്ന വരുമാനം ടി സ്ഥാപന ഉടമകളുടെ ജീവനോപാധിയായതിനാലാണ് ലൈസൻസ് പുതുക്കി നൽകിവരുന്നത് ടിയാൻറെ ഉടമസ്ഥതയിലുള്ള നാല് കെട്ടിടങ്ങളിൽ പ്രവൃത്തിക്കുന്ന മൂന്ന് സ്ഥാപനങ്ങൾക്ക് മാത്രമാണ് നിലവിൽ ലൈസൻസ് പുതുക്കി വരുന്നത് ആയതിൽ പൊന്നറ ജ്വല്ലറി എന്ന സ്ഥാപനത്തിന് ലൈസൻസ് പുതുക്കി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.ഹബീബി ഫൂട്ട്വെയർ എന്ന സ്ഥാപനം ലൈസൻസിനായി അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ടി സ്ഥാപനം പ്രവൃത്തിക്കുന്നതിന് ലൈസൻസ് അനുവദിക്കുകയോ അപേക്ഷ നിരസിക്കുകയോ ചെയ്തിട്ടില്ല.അവകാശ തർക്കം നിലനിൽക്കുന്നതിനാൽ കെട്ടിടത്തിൻറെ ഉടമസ്ഥത തെളിയിക്കുന്ന ആധികാരിക രേഖകൾ ഹാജരാക്കുന്നതിന് കത്ത് നൽകുകയാണ് ഉണ്ടായത്.

ശ്രീമതി ലിസ ,ശ്രീമതി ഫെമിൻ,അൽ ഫജർ വീട്,പള്ളിക്കുന്ന് റോഡ് കല്ല്യാണകാപ്പ് എന്നവർ കഴിഞ്ഞ 1 വർഷമായി ഗ്രാമപഞ്ചായത്തിൽ തുടർച്ചയായി ഒരേ വിഷയത്തിൽ വിവരാവകാശ അപേക്ഷും പരാതികളും നൽകിവരുന്നതിനെ സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയും ആയതിന്മേൽ താഴെപറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുള്ളതുമാണ്.

മരണപ്പെട്ട ജഗ്ഫർ,ടിയാളുടെ പിതാവ് സൈനുദ്ദീൻ എന്നവരുടെ ഉടമസ്ഥതയിലുള്ള മേൽപറഞ്ഞ കെട്ടിടങ്ങളെ കുറിച്ചും ആയതിൽ പ്രവൃത്തിച്ചുവരുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകുന്നതുമായി ബന്ധപ്പെട്ടാണ് ടി പരാതികളും വിവരാവകാശങ്ങളും എന്ന് സൂചന 2 പ്രകാരം പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തി.

ടി കെട്ടിടങ്ങളുടെ ലൈസൻസുമായി ബന്ധപ്പെട്ട വിഷയങ്ങളെകുറിച്ച് പരാതിക്കാർ ഹാജരാക്കിയ ഇൻജക്ഷൻ ഓർഡറിൽ ഒന്നുംതന്നെ പ്രതിപാദിക്കുന്നില്ല എന്നും കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി തുടരാവുന്നതാണെന്നും നിയമോപദേശം ലഭിച്ചതിൻറെ അടിസ്ഥാനത്തിൽ ജീവനോപാധിയായ കെട്ടിടങ്ങളുടെ ലൈസൻസ് ഗ്രാമപഞ്ചായത്തിൽ നിന്നും പുതുക്കി നൽകേണ്ടത് അനിവാര്യമാണെന്ന് യോഗം വിലയിരുത്തി.എന്നാൽ ടി കെട്ടിടങ്ങളിൽ പുതിയ ലൈസൻസിന് അപേക്ഷിക്കുമ്പോൾ ഉടമസ്ഥാവകാശം സംബന്ധിച്ച നിയമോപദേശം വാങ്ങി ആയത് പരിഗണിക്കേണ്ടതാണെന്നും യോഗം വിലയിരുത്തി.

ടി കെട്ടിടങ്ങളുമായി ബന്ധപ്പെട്ട് വിവരാവകാശ പ്രകാരം നൽകേണ്ട രേഖകൾ എല്ലാം ശ്രീമതി ഫെമിൻ ,ശ്രീമതി ലിസ എന്നിവർ ആവശ്യപ്പെടുന്ന മുറക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും സമയബന്ധിതമായി നൽകിയിരുന്നതാണെന്ന് യോഗം വിലയിരുത്തി ടിയാൻ പഞ്ചായത്തിൽ നൽകുന്ന അപേക്ഷകളുടെ പകർപ്പ്, അപേക്ഷകളിൽ മേലുള്ള തുടർനടപടി, കെട്ടിടങ്ങളുടെ ലൈസൻസ് തുടങ്ങി ഒരേ സ്വഭാവമുള്ള ചോദ്യങ്ങൾ നിരന്തരം ഒരേ വിഷയത്തിൽ പരാതിയും വിവരാവകാശവും നൽകുന്നതുവഴി ഗ്രാമപഞ്ചായത്തിന് മറ്റ് പൊതു ജനങ്ങൾക്ക് നൽകേണ്ട സേവനങ്ങളെ ആയത് സാരമായി ബാധിക്കുന്നതായി കമ്മിറ്റി വിലയിരുത്തി.

ടി വിഷയത്തിലും പരാതിയിലും അനാവശ്യമായി ഉദ്യോഗസ്ഥരെ അഴിമതിക്കാരാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ശ്രീമതി ലിസ,ശ്രീമതി ഫെമിൻ എന്നവരുടെ പ്രസ്താവന സത്യസന്ധരായ ഉദ്യോഗസ്ഥരെ മാനസിക സമ്മർദ്ദത്തിലാക്കുന്നതാണെന്നും, ടിയാരിയുടെ ഉദ്യോഗസ്ഥരെ സംബന്ധിച്ച പരാതി ആരോപണം മാത്രമാണെന്നും പഞ്ചായത്ത് കമ്മിറ്റിക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

മരണപ്പെട്ട ജഗ്ഫർറിൻറെ ഉടമസ്ഥതയിലുള്ള സ്വത്തവകാശത്തിന്മേലുള്ള തർക്കം തീർത്തും വ്യക്തിപരമാണെന്നും ആയത് കോടതി വിധി വരുന്നമുറക്ക് മാത്രമേ ഇതിൽ ഗ്രാമപഞ്ചായത്തിന് തീരുമാനം എടുക്കാൻ കഴിയൂ എന്ന് യോഗം വിലയിരുത്തി.

കോടതി പരിഗണനയിൽ ഉള്ള ടി വിഷയത്തിൽ പരാതികളും അപ്പീലുകളുമായി ഗ്രാമപഞ്ചായത്തിനെ ടിയാൻ നിരന്തരം സമീപിക്കുന്നതും ടി വിഷയത്തിൽ ഉദ്യാഗസ്ഥർ നിരന്തരം ഒരേ സ്വഭാവം ഉള്ള മറുപടി നൽകുന്നതും മറ്റ് പൊതുജനങ്ങൾക്ക് നൽകേണ്ട സേവനങ്ങളെയാണ് സാരമായി ബാധിക്കുന്നതെന്നും ആയതിനാൽ ടി വിഷയത്തിൽ കോടതി വിധി വരുന്നതുവരെ ടി പഞ്ചായത്ത് കമ്മിറ്റി തീരുമാനം ടിയാന് ലഭ്യമാക്കാവുന്നതാണെന്ന് യോഗം ഐക്യകണ്ഠേന തീരുമാനിച്ചിട്ടുള്ളതാണ്.

തുടർന്ന് 25/11/2023ൽ ശ്രീമതി.ലിസ ശ്രീമതി ഫെമിൻ എന്നവരെ നേരിൽ കേൾക്കുന്നതിനായി പരാതി പരിഹാര അദാലത്തിൽ ക്ഷണിക്കുകയും അന്നേ ദിവസം ടി ആളുകൾ ഹാജരാവുകയും വൈസ് പ്രസിഡൻറ്,ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ,അസ്സി.സെക്രട്ടറി,പരാതി,വിവരാവകാശം,ലൈസൻസ് എന്നീ സെക്ഷൻ കൈകാര്യം ചെയ്യുന്ന ജീവനക്കാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഇരുകക്ഷികളുടേയും വാദങ്ങൾ പരാതി പരിഹാര അദാലത്ത് കമ്മിറ്റി ചർച്ച ചെയ്തു .ലൈസൻസ് പുതുക്കി നൽകുമ്പോൾ പരാതിക്കാരിയായ ലിസയുടേയും മകൾ ഫെമിൻറെയും സമ്മതംകൂടി വാങ്ങിച്ച ശേഷമേ ലൈസൻസ് പുതുക്കി നൽകാവൂ എന്ന് യോഗത്തിൽ പരാതിക്കാരി അഭിപ്രായപ്പെട്ടു. നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം ലൈസൻസ് യഥാസമയം പുതുക്കുകയാണെങ്കിൽ ഉടമസ്ഥൻറെ കരാർ ആവശ്യമില്ലാത്തതാണെന്ന് യോഗം വിലയിരുത്തി. പരാതിക്കാരിയായ ലിസ ഈ ഓഫീസിൽ സമർപ്പിച്ച ഇൻജക്ഷൻ ഓർഡർ ലൈസൻസ് സംബന്ധിച്ച് കോടതിയുടെ നിർദ്ദേശങ്ങൾ ഒന്നും ഇല്ലാത്തതിനാലും പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം പഞ്ചായത്ത് പിരിച്ചെടുക്കേണ്ടതിനാലും ലൈസൻസ് അനുവദിക്കുക എന്നത് പഞ്ചായത്തിൻറെ അനിവാര്യ ചുമതല ആയതിനാലും ടി സ്ഥാപനങ്ങളിൽ നിന്നുമുള്ള വരുമാനം ഉടമസ്ഥൻറെയും അതിലെ ജീവനക്കാരുടെയും ജീവനോപാധിയാണെന്ന് ടി കമ്മിറ്റി പരിഗണിച്ചു,ജഗ്ഫർ ജീവിച്ചിരുന്ന കാലത്ത് തന്നെ പ്രവൃത്തിച്ചു വരുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകുമെന്നും പുതിയ സ്ഥാപനങ്ങൾ അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ കോടതിയുടെ നിർദ്ദേശം അനുസരിച്ച് മാത്രമേ തുടർനടപടി സ്വീകരിക്കുകയുള്ളൂ എന്നും അധ്യക്ഷനായ വൈസ് പ്രസിഡൻറ് ഇരുകക്ഷികളേയും അറിയിച്ചു

ടി റിപ്പോർട്ട് തുടർനടപടികൾക്കും മേൽ നിർദ്ദേശങ്ങൾക്കുമായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

ബിന്ദു എ സ്
സെക്രട്ടറി